# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2588 01.04.2013-ൽ മറുപടിക്ക്

## ടോയ്‌ലറ്റ് നിർമ്മാണ ധനസഹായം

ചോദ്യം ഉത്തരം

**ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി**
**,, വർക്കല കഹാർ**
**,, വി. പി. സജീന്ദ്രൻ**
**,, ആർ. സെൽവരാജ്**

**ശ്രീ. എ.പി. അനിൽകുമാർ**
**(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | പട്ടികജാതി കുടുംബങ്ങൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങളോടുകൂടിയ ടോയ്‌ലറ്റ് നിർമ്മാണ ധനസഹായം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് അധിവസിക്കുന്നവരും സ്വന്തമായി ടോയ്‌ലറ്റ് ഇല്ലാത്തവരുമായ 25000 പട്ടികജാതി കുടുംബങ്ങൾക്ക് 25000/- രൂപ നിരക്കിൽ ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് ധനസഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതിക്ക് 17.10.2012 ലെ സ.ഉ.(എം.എസ്) നം. 132/2012/പജപവവിവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. രണ്ട് ഗഡുക്കളായാണ് തുക അനുവദിക്കുന്നത്. ആദ്യഘട്ടത്തിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ രണ്ടാം ഘട്ടത്തിൽ തുക കൈമാറിയിട്ടുണ്ട്. |
| (ബി) | അർഹരായവരെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വിശദീകരിക്കുമോ; | (ബി) | സ്വന്തമായി ശുചിത്വമുള്ള ടോയ്‌ലറ്റ് ഇല്ലാത്ത പട്ടികജാതി കുടുംബങ്ങൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാകുക. ബി.പി.എൽ വിഭാഗത്തിൽ പെട്ടവർക്കും നിലവിൽ സെപ്റ്റിക് ടാങ്കോടുകൂടിയ ടോയ്‌ലറ്റ് ഇല്ലാത്തവർക്കും മുൻഗണന ലഭിക്കുന്നതാണ്. സ്വന്തമായി സ്ഥലവും വീടും 30 സ്ക്വയർ ഫീറ്റിൽ കുറയാതെ ടോയ്‌ലറ്റ് നിർമ്മിക്കുവാൻ ആവശ്യമായ സ്ഥലവും ഗുണഭോക്താവിന് ഉണ്ടായിരിക്കേണ്ടതാണ്. |
| (സി) | മുൻകാലങ്ങളിൽ വീട് വയ്ക്കാൻ ധനസഹായം ലഭിച്ചിട്ടുള്ളവർക്ക് ഇതിന് അർഹതയുണ്ടാവുമോയെന്ന് വിശദമാക്കുമോ? | (സി) | അർഹതയുണ്ട്. സ്വന്തമായി വീടുള്ളതും, ശുചിത്വമുള്ള കക്കൂസ് നിലവിലില്ലാത്തവർക്കും ഈ പദ്ധതിപ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ട്. |

Bal... K.J

**സെക്ഷൻ ആഫീസർ**